കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W6-11876/17

തീയതി: 01.04.2017

**സർക്കുലർ നമ്പർ:51/2017-18**

വിഷയം: 1989 -ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും ) പദ്ധതി പ്രകാരം കമ്മിറ്റികളുടെ റോളിലുള്ള തൊഴിലാളികൾക്ക് നൽകുന്ന വിദ്യാഭ്യാസ ധന സഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: 1) ഈ ഓഫീസിലെ 23.09.2014- ലെ ഉത്തരവ് നമ്പർ W2-20000/12.
2) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ.
3) 13.03.2017 തീയതിയിലെ 468-മത് ബോർഡ് യോഗ തീരുമാനം.

1989-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തതും കമ്മിറ്റികളുടെ റോളിൽ ഉള്ളതും ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ അദ്ധ്യയനം നടത്തുന്ന സന്താനം/സന്താനങ്ങൾ ഉള്ളതുമായ തൊഴിലാളികൾക്ക് സൂചന (1) പ്രകാരം പ്രതിവർഷം 750/- രൂപ നൽകി വരുന്നു.

സൂചന (2), (3) പ്രകാരം ചുമട്ടു തൊഴിലാളികളുടെ വിദ്യാഭ്യാസ ധന സഹായ തുക നിലവിലുള്ള 750/- രൂപയിൽനിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് സൂചന സർക്കുലറിന് ഭാഗികമായ മാറ്റം വരുത്തി കൊണ്ട് താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും കല്പനകളും പൊതു അറിവിന് വീഴ്ച കൂടാതെ പാലിക്കപ്പെടുന്നതിനുമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1989-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തതും കമ്മിറ്റികളുടെ റോളിൽ ഉള്ളതും ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ അദ്ധ്യയനം നടത്തുന്ന സന്താനം/സന്താനങ്ങൾ ഉള്ളതുമായ തൊഴിലാളികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ധന സഹായതുക പ്രതിവർഷം 750/- രൂപയിൽനിന്നും 01.04.2017 മുതൽ പ്രാബല്യത്തിൽ 1000/- രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഭേദഗതി വരുത്തിയിരിക്കുന്നു.

വിദ്യാഭ്യാസ ധന സഹായം വിതരണം നടത്തുന്നത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന മറ്റ് വ്യവസ്ഥകളും, നടപടി ക്രമങ്ങളും മാറ്റമില്ലാതെ തുടരേണ്ടതും അവ പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി / സബ് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഈ സർക്കുലർ ലഭിച്ചതിന് കമ്മിറ്റി / സബ് ഓഫീസ് ചെയർമാൻമാർ മറുകുറി അയയ്ക്കേണ്ടതാണ്.

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,
1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്.
2.പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്:
1. ഫിനാൻസ് ഓഫീസർ / സെക്രട്ടറി
2. ബോർഡ് ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർമാർക്കും/ജൂനിയർ സൂപ്രണ്ട്മാർക്കും
3. W2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്